ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 09.06.2025** **TIME:12.50PM**

## പ്രധാന വാർത്തകൾ

1) വിവിധ മേഖലകളിൽ വലിയ രീതിയിലുള്ള മാറ്റത്തിനാണ് കഴിഞ്ഞ 11 വർഷത്തിനിടെ രാജ്യം സാക്ഷ്യം വഹിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി

**Prime Minister Narendra Modi has said that powered by the blessings and collective participation of 140 crore Indians, the country has witnessed rapid transformations across diverse sectors in the last 11 years.**

2) ഭീകരതയ്ക്കെതിരായ സന്ദേശം ലോകരാജ്യങ്ങളെ അറിയിക്കുന്നതിനായി ഇന്ത്യ നിയോഗിച്ച വിവിധ സർവകക്ഷി പ്രതിനിധി സംഘങ്ങൾ വിദേശ പര്യടനം പൂർത്തിയാക്കി.

**The all-party Parliamentary delegation deployed by India to convey its strong message against terrorism to the global community wrapped up its visit to the US.**

3) നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ.

**Political parties intensified campaigns for Nilambur byelection.**

4) കേരളത്തിൽ ട്രോളിങ്ങ് നിരോധനം ഇന്ന് അർദ്ധരാത്രി മുതൽ നിലവിൽ വരും.

**Trawling ban in Kerala comes into effect from midnight today.**

5) അമേരിക്കയിൽ പ്രവേശിക്കുന്നതിന് 12 രാജ്യങ്ങളിലെ പൗരന്മാർക്ക് ട്രംപ് ഭരണകൂടം ഏർപ്പെടുത്തിയ വിലക്ക് ഇന്ന് മുതൽ പ്രാബല്യത്തിൽ.

**US President Donald Trump's order banning citizens of 12 countries from entering the United States will come into force today.**

********************

## PM- 11YEARS

140 കോടി ജനങ്ങളുടെ പങ്കാളിത്തത്തോടെ, കഴിഞ്ഞ 11 വർഷത്തിനിടെ രാജ്യം വിവിധ മേഖലകളിൽ വലിയ മാറ്റത്തിന് സാക്ഷ്യം വഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. എല്ലാവർക്കും ഒപ്പം, എല്ലാവരുടെയും വികസനം എന്ന തത്വത്തിലൂന്നി, അതിവേഗ വികസനം സാധ്യമാക്കാൻ സർക്കാരിന് സാധിച്ചതായും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. സാമ്പത്തിക വളർച്ച മുതൽ സാമൂഹിക ഉന്നമനം വരെ എല്ലാ കാര്യങ്ങളിലും, എല്ലാവരെയും ഉൾക്കൊള്ളിച്ചുള്ള ജനക്ഷേമ പദ്ധതികളാണ് നടപ്പാക്കിയതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഏറ്റവും വേഗത്തിൽ വളർച്ച പ്രാപിക്കുന്ന സമ്പദ് വ്യവസ്ഥയായി ഇക്കാലയളവിൽ ഇന്ത്യ മാറി. പരിസ്ഥിതി സംരക്ഷണം, ഡിജിറ്റൽ ഇനവേഷൻ തുടങ്ങിയ മേഖലകളിലും അന്താരാഷ്ട്ര ശബ്ദമായി മാറാൻ ഇന്ത്യക്ക് സാധിച്ചു. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ ആത്മവിശ്വാസത്തോടെയാണ് രാജ്യം മുന്നേറുന്നതെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

********************

## ALL PARTY DELEGATION (intro)

ഓപ്പറേഷൻ സിന്ദൂറിൻറെ പശ്ചാത്തലത്തിൽ ഭീകരതയ്ക്കെതിരായ സന്ദേശം ലോകരാജ്യങ്ങളെ അറിയിക്കുന്നതിനായി ഇന്ത്യ നിയോഗിച്ച ശശി തരൂർ എംപിയുടെ നേതൃത്വത്തിലുള്ള സർവകക്ഷി പ്രതിനിധി സംഘം യുഎസ് പര്യടനം പൂർത്തിയാക്കി. അമേരിക്കൻ വൈസ് പ്രസിഡൻറ് ജെ ഡി വാൻസ്, ഡെപ്യൂട്ടി സെക്രട്ടറി ഓഫ് സ്റ്റേറ്റ് ക്രിസ്റ്റഫർ ലാൻഡൗ ഉൾപ്പെടെയുള്ള നേതാക്കളുമായി സംഘം കൂടിക്കാഴ്ച നടത്തി. പാകിസ്ഥാൻ ഭീകരതയ്ക്ക് നൽകുന്ന പിന്തുണ തുറന്നുകാട്ടുന്നതിനായി, എംപിമാരുടെ നേതൃത്വത്തിലുള്ള ഏഴ് പ്രതിനിധി സംഘങ്ങളാണ് 33 രാജ്യങ്ങൾ സന്ദർശിച്ചത്. രവിശങ്കർ പ്രസാദ് എംപിയുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം ജർമൻ സന്ദർശനം വിജയകരമായി പൂർത്തിയാക്കി ഇന്നലെ ന്യൂഡൽഹിയിൽ മടങ്ങിയെത്തി. ഫ്രാൻസ്, ഇറ്റലി, ഇംഗ്ലണ്ട് ഉൾപ്പെടെയുള്ള രാജ്യങ്ങൾ പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ചതായി ശ്രീ രവിശങ്കർ പ്രസാദ് മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ്)

**********************

## NILAMBOOR ELECTION-(INTRO)

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. ആരോപണ പ്രത്യാരോപണങ്ങൾ ഉന്നയിച്ച് വാശിയേറിയ പ്രചാരണമാണ് നിലമ്പൂരിൽ നടക്കുന്നത്. എൽ.ഡി.എഫ് സ്ഥാനാർഥി എം.സ്വരാജ്, യു.ഡി.എഫിന്റെ ആര്യാടൻ ഷൗക്കത്ത്, എൻ.ഡി.എ സ്ഥാനാർഥി മോഹൻ ജോർജ് എന്നിവർക്ക് പുറമേ സ്വതന്ത്ര സ്ഥാനാർത്ഥിയായി പി.വി അൻവറും പ്രചാരണ രംഗത്ത് സജീവമാണ്.

മലപ്പുറത്തു നിന്നും ആകാശവാണി ജില്ലാ പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്.

(ഹോൾഡ് വോയ്സ്)

നിലമ്പൂർ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ രണ്ടാം ഘട്ട റാൻഡമൈസേഷൻ ഇന്ന് നടക്കും. ഈ മാസം 19 നാണ് വോട്ടെടുപ്പ്. 23 ന് വോട്ടെണ്ണൽ നടക്കും.

*********************

## Trolling ban

സംസ്ഥാനത്ത് ട്രോളിങ്ങ് നിരോധനം ഇന്ന് അർദ്ധരാത്രി മുതൽ നിലവിൽ വരും.

ജൂലൈ 31 അർദ്ധരാത്രിവരെ 52 ദിവസമാണ് ട്രോളിങ്ങ് നിരോധനം. സംസ്ഥാനത്തെ നാലായിരത്തോളം ട്രോളിങ് ബോട്ടുകൾക്ക് ഈ കാലയളവിൽ കടലിൽ പോകാനാകില്ല. അതേസമയം പരമ്പരാഗത യാനങ്ങൾക്കും , മോട്ടോറൈസ്ഡ് ബോട്ടുകൾക്കും ഉപരിതല മത്സ്യബന്ധനത്തിന് അനുമതിയുണ്ട്. ട്രോളിങ് നിരോധനം സമാധാനപരമായി നടപ്പാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ഫിഷറീസ് വകുപ്പിൻ്റെ നേതൃത്വത്തിൽ പൂർത്തിയാക്കി.

*********************

## J P NADDA

കഴിഞ്ഞ 11 വർഷവും ജനങ്ങൾക്ക് ഒപ്പം നിന്ന സർക്കാരെരാണ് മോദി സർക്കാരെന്ന് ബിജെപി ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡ. സേവനത്തിൻ്റെയും സദ്ഭരണത്തിൻ്റെയും വർഷങ്ങൾ ആയിരുന്നു ഇവയെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇക്കാലയളവിലെ മോദി സർക്കാരിൻ്റെ ഭരണം സുവർണ രേഖകളിൽ എഴുതപ്പെടണമെന്നും വിവിധ മേഖലകളിൽ ഇന്ത്യ നിർണായക പുരോഗതി കൈവരിച്ചതായും ശ്രീ നഡ്ഡ അഭിപ്രായപ്പെട്ടു. മോദി സർക്കാരിൻ്റെ 11-ആം വാർഷികവുമായി ബന്ധപ്പെട്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

*********************

## B'luru Stampede

ബംഗളുരുവിൽ ഐപിഎൽ വിജയാഘോഷത്തിനിടെയുണ്ടായ അപകടത്തിൽ 11 പേർ മരിക്കാനിടയായ സംഭവത്തിൽ, പരിക്കേറ്റവരുടെ മൊഴികൾ രേഖപ്പെടുത്താനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. മജിസ്റ്റീരിയൽ അന്വേഷണത്തിൻറെ ഭാഗമായാണ് പരിക്കേറ്റ 45 പേർക്ക് നോട്ടീസ് നൽകിയത്. 15 ദിവസത്തിനകം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാനാണ് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, ബംഗളുരു അർബൻ ഡെപ്യൂട്ടി കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്.

**********************

## MUMBAI - TRAIN ACCIDENT

മുംബൈയിൽ തിരക്കേറിയ ട്രെയിനിൽ യാത്ര ചെയ്യുന്നതിനിടെ പാളത്തിലേക്ക് വീണുണ്ടായ അപകടത്തിൽ ഒരു മരണം. 13 പേർക്ക് പരിക്കേറ്റു. ഇന്ന് രാവിലെ ദിവയിൽ നിന്ന് മുംബ്രയിലേക്ക് പോകുകയായിരുന്ന ട്രെയിനിൽ വാതിലിൽ തൂങ്ങി നിന്ന് യാത്ര ചെയ്തവരിൽ ചിലരാണ് ട്രാക്കിലേക്ക് വീണത്. രക്ഷാ പ്രവർത്തനം പുരോഗമിക്കുകയാണ്.

**********************

## SIKKIM

വടക്കൻ സിക്കിമിലെ ചാറ്റെനിൽ, മണ്ണിടിച്ചിലിൽ കുടുങ്ങിയ 50-ഓളം പേരെ വിമാനമാർഗം രക്ഷപ്പെടുത്തി. കനത്ത മഴയെത്തുടർന്നുണ്ടായ മണ്ണിടിച്ചിലിൽ 20 സൈനിക ഉദ്യോഗസ്ഥർ ഉൾപ്പെടെയാണ് ഇവിടെ കുടുങ്ങിയത്. പ്രദേശത്ത് ഹെലികോപ്റ്റർ ഉപയോഗിച്ചുള്ള അടിയന്തര രക്ഷാപ്രവർത്തനങ്ങൾ നടന്നു വരികയാണ്.

**********************

## BIRSA MUNDA- DEATH ANNIVERSARY

ഗോത്ര വിഭാഗത്തിൽ നിന്നുള്ള സ്വാതന്ത്ര്യ സമര നായകൻ ഭഗവാൻ ബിർസ മുണ്ടയുടെ 125-ാം ചരമ വാർഷികത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. ഗോത്ര

സമൂഹങ്ങളുടെ അവകാശങ്ങൾക്കായും, കൊളോണിയൽ ആധിപത്യത്തിനെതിരായും ശക്തമായ പോരാട്ടം നടത്തിയ നേതാവാണ് അദ്ദേഹം. ഭഗവാൻ ബിർസ മുണ്ടയുടെ ജന്മ ദിവസമായ നവംബർ 15 ജൻജാതീയ ഗൗരവ് ദിവസമായാണ് രാജ്യം ആചരിക്കുന്നത്.

**********************

## REV. DRDO – DEFENCE TECH

DRDO യുടെ മഹാരാഷ്ട്രയിലെ വെഹിക്കിൾ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് എസ്റ്റാബ്ലിഷ്മെന്റ്, പ്രതിരോധ സംവിധാനങ്ങളുമായി ബന്ധപ്പെട്ട ഒൻപത് സാങ്കേതികവിദ്യകൾ 10 ഇന്ത്യൻ വ്യവസായങ്ങൾക്ക് കൈമാറി. ഡിആർഡിഒ ചെയർമാൻ സമീർ വി കാമത്ത് ചടങ്ങിൽ പങ്കെടുത്തു.

**********************

## J&K – HEAT WAVE

ജമ്മു കശ്മീരിൽ ഉഷ്ണ തരംഗം തുടരുന്നു. സാമ്പയിൽ താപനില 43.9 ഡിഗ്രി സെൽഷ്യസും, ജമ്മു നഗരത്തിൽ 42.7 ഡിഗ്രി സെൽഷ്യസും രേഖപ്പെടുത്തി. കഴിഞ്ഞ മൂന്ന് ദിവസമായി മേഖലയിൽ താപനില 40 ഡിഗ്രി സെൽഷ്യസിന് മുകളിലാണ് രേഖപ്പെടുത്തുന്നത്. വരും ദിവസങ്ങളിലും കടുത്ത ചൂട് തുടരുമെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ്. ഹരിയാന, ചണ്ഡീഗഢ്, ഡൽഹി, ലഡാക്ക്, പഞ്ചാബ്, രാജസ്ഥാൻ, ഉത്തർപ്രദേശ് എന്നിവിടങ്ങളിലും ഉഷ്ണതരംഗ സാധ്യത നിലനിൽക്കുകയാണ്. രാത്രി താപനില ഉയരാനുള്ള സാധ്യതയ്ക്ക് പുറമേ, ഡൽഹി, ഹരിയാന, പഞ്ചാബ്, ഉൾപ്പെടെയുള്ള മേഖലകളിൽ പൊടിക്കാറ്റിന് സാധ്യതയുണ്ടെന്നും, കാലാവസ്ഥാ വിഭാഗം മുന്നറിയിപ്പ് നൽകി.

**********************

## IMD

സംസ്ഥാനത്ത് നാളെ മുതൽ കാലവർഷം വീണ്ടും സജീവമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഈ

മാസം 17 വരെ മഴ ശക്തമായി തുടരാനാണ് സാധ്യത. നാളെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

**********************

## TRUMP-TRAVEL BAN

12 രാജ്യങ്ങളിലെ പൗരന്മാർ അമേരിക്കയിൽ പ്രവേശിക്കുന്നത് വിലക്കിയ യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ ഉത്തരവ് ഇന്ന് പ്രാബല്യത്തിൽ വരും. അഫ്ഗാനിസ്ഥാൻ, മ്യാൻമർ, ഛാഡ്, കോംഗോ, ഇക്വറ്റോറിയൽ ഗിനി, എറിത്രിയ, ഹെയ്റ്റി, ഇറാൻ, ലിബിയ, സൊമാലിയ, സുഡാൻ, യമൻ എന്നിവയാണ് യാത്രാവിലക്ക് ഏർപ്പെടുത്തിയ രാജ്യങ്ങൾ. ക്യൂബ, വെനസ്വേല, ലാവോസ്, ബുറുണ്ടി, സിയറ ലിയോൺ, ടോഗോ, തുർക്ക്മെനിസ്ഥാൻ എന്നീ ഏഴ് രാജ്യങ്ങളിൽ നിന്നുള്ളവർക്ക് ഭാഗിക നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

**********************

## US PROTEST

അനധികൃത കുടിയേറ്റക്കാർക്കെതിരെ കാലിഫോർണിയയിലുടനീളം നടക്കുന്ന വ്യാപകമായ ഇമിഗ്രേഷൻ റെയ്ഡുകൾക്കെതിരെ ലോസ് ആഞ്ചലസിൽ നടന്ന പ്രകടനങ്ങളിൽ സംഘർഷം. നഗരമധ്യത്തിൽ ആയിരത്തിലധികം പ്രതിഷേധക്കാർ നാഷണൽ ഗാർഡുമായി ഏറ്റുമുട്ടി. പ്രതിഷേധക്കാരെ പിരിച്ചുവിടാനായി സൈന്യം കണ്ണീർ വാതകം പ്രയോഗിച്ചു. ക്രമസമാധാനം പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ,ആഭ്യന്തര സുരക്ഷാ സെക്രട്ടറി, പ്രതിരോധ സെക്രട്ടറി, അറ്റോർണി ജനറൽ എന്നിവരോട് നിർദ്ദേശിച്ചു. സമാധാനമായി നടന്ന പ്രതിഷേധങ്ങൾക്കെതിരെ ഡോണൾഡ് ട്രംപ് സൈന്യത്തെ

നിയോഗിക്കുകയായിരുന്നുവെന്ന് പ്രതിഷേധക്കാർ കുറ്റപ്പെടുത്തി.

**********************

## AXIOM-4 MISSION

ചരിത്ര ദൗത്യമായ ആക്സിയം-4 ന്റെ വിക്ഷേപണം നാളെ നടക്കും. ഇന്ത്യക്കാരനായ ശുഭാംശു ശുക്ല ഉൾപ്പെടെ നാല് ബഹിരാകാശയാത്രികരാണ് 14 ദിവസത്തെ ദൗത്യത്തിനായി പുറപ്പെടുന്നത്. ഫ്ലോറിഡയിലുള്ള നാസയുടെ കെന്നഡി സ്പേസ് സെൻ്ററിൽ നിന്ന് ഇന്ത്യൻ സമയം വൈകുന്നേരം 5:52 നാണ് യാത്ര ആരംഭിക്കുക. ഇന്ത്യയ്ക്ക് പുറമെ യുഎസ്, പോളണ്ട്, ഹംഗറി എന്നിവിടങ്ങളിൽ നിന്നുള്ള നാല് ബഹിരാകാശ യാത്രികരെയാണ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് കൊണ്ടുപോകുക.

**********************

## PORTUGAL- UEFA

യുവേഫ നേഷൻസ് ലീഗ് ഫുട്ബോൾ കിരീടം രണ്ടു തവണ നേടുന്ന ആദ്യ ടീമായി പോർച്ചുഗൽ. ഫൈനലിൽ സ്പെയിനിനെ പെനൽറ്റി ഷൂട്ടൗട്ടിൽ തോൽപ്പിച്ചാണ് പൊർച്ചുഗൽ ചാംപ്യന്മാരായത്. 5-3 നാണ് പോർച്ചുഗലിൻ്റെ ജയം.

**********************

## FRENCH OPEN TENNIS

ടെന്നീസിൽ, ലോക ഒന്നാം നമ്പർ താരം ഇറ്റലിയുടെ യാനിക് സിന്നറെ പരാജയപ്പെടുത്തി സ്പെയിനിൻ്റെ കാർലോസ് അൽകാരസ് ഫ്രഞ്ച് ഓപ്പൺ കിരീടം നിലനിർത്തി. ഇന്നലെ രാത്രി അഞ്ച് സെറ്റ് നീണ്ട ആവേശകരമായ പോരാട്ടത്തിൽ രണ്ട് സെറ്റുകൾക്ക് പിന്നിൽ നിന്നശേഷമാണ് അൽകാരസ് അതിശയകരമായ തിരിച്ചുവരവ് നടത്തിയത്.

**********************

## DELHI CM-EK PED MAA KE NAAM

ഡൽഹി നഗരത്തിലെ പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി 70 ലക്ഷം മരങ്ങൾ നട്ടു വളർത്താൻ സർക്കാർ ലക്ഷ്യമിടുന്നതായി ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത . ഏക് പേട് മാ കെ നാം പരിപാടിയുടെ ഭാഗമായി ശ്രീമതി രേഖ ഗുപ്ത ഇന്ന് ന്യൂഡൽഹിയിലെ ഷാലിമാർ ബാഗിൽ വൃക്ഷത്തൈ നട്ടു.

**********************

*********************

*********